**വളരെ അടിയന്തിരം**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി 2/16412/2017/സിഇ/തസ്വഭവ　　　　തീയതി: 16.08.2018

# സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - കാലവർഷക്കെടുതികൾ നേരിടുന്നത് - സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിലെ 15.08.2018 - ലെ ഇതേ നമ്പർ സർക്കുലർ

കാലവർഷക്കെടുതി നേരിടുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർ സാങ്കേതികവും മറ്റുമായ എല്ലാവിധ സഹായ സഹകരണങ്ങളും നൽകേണ്ടതാണെന്ന് സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തതയുള്ള നിർദ്ദേശം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

ജില്ലാ ഹെഡ്ക്വാർട്ടറിൽ പ്രവർത്തിക്കുന്ന കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് മേധാവികൾ ജില്ലാകളക്ടർ, എ.ഡി.എം, തദ്ദേശസ്ഥാപനങ്ങളിലെ മേയർ / ചെയർമാൻ / ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവരെ നേരിൽ കണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകണമെന്ന് നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ താങ്കളുടെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥരെയും ( മിനിസ്റ്റീരിയൽ + സാങ്കേതികം) ഉൾപ്പെടുത്തി ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന വകുപ്പുകളുമായി ചേർന്ന് മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ ബ്ലോക്ക് / പഞ്ചായത്ത് തലങ്ങളിലും ബന്ധപ്പെട്ട എഞ്ചിനീയർമാർ അവരവരുടെ അധികാരപരിധിയിലുള്ള രക്ഷാപ്രവർത്തനങ്ങൾ നടത്തി വരുന്ന വകുപ്പുകളുമായി നേരിൽ കാണുകയും തഹസിൽദാർമാർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി യോജിച്ച് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും മുൻപന്തിയിൽ നിന്ന് ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. 24 മണിക്കൂറും തുറന്ന് പ്രവർത്തിക്കുന്ന ഓഫീസിന്റെ ഭാഗമായി നിലകൊള്ളണമെന്നും അനാവശ്യമായ തരത്തിലുള്ള ഒരവധിയും നൽകരുതെന്നും അവധി നൽകേണ്ട മേലധികാരികൾക്ക് ഇതിനാൽ നിർദ്ദേശം

(മറുപുറം)

നൽകുന്നു. ഓണാഘോഷവുമായി ബന്ധപ്പെട്ട് ഒരു ആഘോഷങ്ങളും നടത്തരുതെന്നും അവധി ദിവസങ്ങളിൽപ്പോലും രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്ത് പ്രവർത്തിക്കണമെന്നും നിർദ്ദേശിക്കുന്നു. അതാത് സ്ഥാപനങ്ങളിലെ പ്രവർത്തന റിപ്പോർട്ട് മേലധികാരികൾ വഴി ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്. കാലവർഷക്കെടുതിമൂലമുണ്ടായ ആസ്തികളുടെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ, പ്രവൃത്തി നിർവ്വഹിക്കൽ തുടങ്ങിയ നടപടിക്രമങ്ങൾ തടസ്സം കൂടാതെ സ.ഉ (സാധാ) നം. 2221/2018/തസ്വഭവ, തീയതി. 10.08.2018 ഉത്തരവിൽ നിർദ്ദേശിക്കുന്നതുപോലെ നടത്തേണ്ടതാണ്. കൂടാതെ ഇപ്പോഴത്തെ പ്രളയവുമായി ബന്ധപ്പെട്ട് ജലഗതാഗത മാർഗ്ഗങ്ങളിലേയും താഴ്ന്ന പ്രദേശങ്ങളിലെയും ജലനിരപ്പ് (MFL) കണ്ടെത്തി ആയത് Flood Level Register - ലോ, കമ്പ്യൂട്ടർ അധിഷ്ഠിത ഡാറ്റയായോ അതാത് കാര്യാലയങ്ങളിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. ഭാവിയിൽ നിർമ്മാണങ്ങൾ നടത്തുന്നതിന് ഇത് പ്രയോജനപ്പെടുത്തേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**

എസ്.എ/

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാലവർഷക്കെടുതി - ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2221/2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 10/08/2018.

പരാമർശം:- 26/07/2018 ലെ സ.ഉ.(സാധാ) നം. 2047/2018/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

പരാമർശ പ്രകാരം മഴക്കാല ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ദുരിത ബാധിത പ്രദേശങ്ങളിൽ ഗുരുതരമായ സാംക്രമിക രോഗങ്ങൾ, പകർച്ച വ്യാധികൾ എന്നിവ തടയുന്നതിന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആവശ്യമായ തുക ചെലവിടുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വംയഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്തെ സ്ഥിതി വിശേഷം വളരെ ഗുരുതരമായ രീതിയിൽ മാറിയിട്ടുള്ള സാഹചര്യത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജീവമായി ഇടപെടേണ്ടതുണ്ട്. ദുരന്ത ബാധിതരുടെ പുനരധിവാസം, കുടിവെള്ളം ലഭ്യമാക്കൽ, തകർന്ന് പോയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും സംരക്ഷണം, ഉൾപ്പെടെയുള്ള എല്ലാവിധ ക്രമീകരണങ്ങളും ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ആവശ്യമായ തുക വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്ന് വരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പൂർണ്ണമായ പങ്കാളിത്തവും സഹകരണവും ലഭ്യമാക്കുവാൻ തദ്ദേശ സ്വയംഭരണ മേധാവികളും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ തുടങ്ങിയ നടപടി ക്രമങ്ങൾ തടസ്സമാകുന്നില്ല എന്ന് ചീഫ് എഞ്ചിനീയർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
റ്റി.കെ.ജോസ് ഐ.എ.എസ്,
**അഡീഷണൽ ചീഫ് സെക്രട്ടറി.**

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)
തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ് (അറിവിലേയ്ക്കും തുടർ നടപടിക്കുമായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ